**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 994** **12-06-2024 - ൽ മറുപടിയ്ക്ക്**

**നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ ദ്രുതകർമ്മസേന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗശല്യം പ്രതിരോധിക്കുന്നതിന് നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ ദ്രുതകർമ്മസേനയെ അനുവദിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ മുഴുവൻ വിശദാംശങ്ങളും ലഭ്യമാക്കാമോ; | (ബി) | 31.05.2024-ലെ സ.ഉ. (കൈ) നം. 23/2024/വനം നമ്പർ ഉത്തരവ് പ്രകാരം, നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിലെ മാനന്തവാടിയിൽ ആർ.ആർ.റ്റി. രൂപീകരിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം, മാനന്തവാടി ആർ.ആർ.റ്റി..യുടെ നടത്തിപ്പിനായി സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് ഡ്രൈവർ, പാർട്ട് ടൈം സ്വീപ്പർ എന്നിവയിൽ ഓരോ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | ദ്രുതകർമ്മ സേനയുടെ ചുമതലകളും പ്രസ്തുത സേനയിൽ ഉൾപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥരുടെ തസ്തികകളും സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ? | (സി) | ആർ.ആർ.റ്റി.യുടെ ഗൈഡ്‌ലൈൻ പ്രകാരം ആർ.ആർ.റ്റി. അംഗങ്ങളുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.<br><br>മനുഷ്യ-വന്യജീവി സംഘർഷ സാദ്ധ്യത യുള്ള സ്ഥലങ്ങളിൽ പതിവായി പെരാമ്പുലേഷൻ നടത്തുക, ബാരിയറു കളുടെ അവസ്ഥ പരിശോധിച്ച് രണ്ടാഴ്ചയിലൊരിക്കൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക്/വൈൽഡ് ലൈഫ് വാർഡന് റിപ്പോർട്ട് സമർപ്പിക്കുക, Early Warning System എന്ന സംവിധാനം ഉപയോഗിച്ച് പ്രശ്നക്കാരായ മൃഗങ്ങളുടെ സഞ്ചാര പഥം നിരീക്ഷിക്കുകയും പ്രദേശവാസി കൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യുക, പരിക്കേറ്റതോ ഉപേക്ഷിക്ക പ്പെട്ടതോ ആയ മൃഗങ്ങളുടെ രക്ഷാപ്രവർത്തനങ്ങളും പുന:രധിവാസ പ്രവർത്തനങ്ങളും നടത്തുക, പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതു വരെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ നിർദ്ദേശ പ്രകാരം പ്രശ്നബാധിത പ്രദേശത്ത് ക്യാമ്പ് ചെയ്യുക, ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവ് പ്രകാരം വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക, |

| | | | |
|---|---|---|---|
| | | | വന്യമൃഗങ്ങൾക്ക് റേഡിയോ കോളർ ഘടിപ്പിക്കുകയും അവയെ മറ്റൊരു സ്ഥലത്തേക്ക് മാറ്റുകയും ചെയ്യുക, ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിന് ആവശ്യമായ പോലീസുകാരെ സജ്ജീകരിക്കുക, ജന ജാഗ്രതാ സമിതിയുടെ പ്രവർത്തനം ഏകോപിപ്പിക്കുക, മനുഷ്യ-വന്യമൃഗ സംഘർഷത്തിന് ഇരയായവർക്ക് നഷ്ടപരിഹാരത്തിന് വേണ്ടിയുള്ള അപേക്ഷകൾ പരിശോധിക്കുക, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവ് പ്രകാരം ക്യാമ്പ് ചെയ്യുക, തുടങ്ങിയവയാണ് ആർ.ആർ.റ്റി.യുടെ ചുമതലകൾ.<br><br>**ആർ.ആർ.റ്റി. സേനയിൽ ഉൾപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥരുടെ തസ്തികകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.**<br><br>സ.ഉ (സാ) നം. 408/2011/വനം തീയതി 16.09.2011 പ്രകാരം നിലമ്പൂർ, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി എന്നി വനമേഖലകളിൽ രൂപീകരിച്ച ദ്രുതകർമ്മസേനകളിൽ, സ.ഉ (എം.എസ്) നം. 60/2011/വനം തീയതി 22.12.2011 പ്രകാരം 5 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, 10 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 20ബീറ്റ് ഫോറസ്റ്റ് ഓഫീസർ, 10 ഡ്രൈവർ എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.<br><br>ജി.ഒ (എം.എസ്) നം. 7/2012/വനം തീയതി 15.02.2012 പ്രകാരം കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നീ വന മേഖലകളിൽ രൂപീകരിച്ച ദ്രുതകർമ്മ സേനകളിൽ 1 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, 4 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, 12 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.<br><br>സ.ഉ. (കൈ) നം. 23/2024/വനം തീയതി 31.05.2024 പ്രകാരം, തിരുവനന്തപുരം, പുനലൂർ, കോട്ടയം, മാങ്കുളം, കോതമംഗലം, ചാലക്കുടി, നെന്മാറ, നിലമ്പൂർ സൗത്ത്, നോർത്ത് വയനാട് എന്നീ വനം ഡിവിഷനു കളിൽ രൂപീകരിച്ച ദ്രുത കർമ്മസേനകളുടെ നടത്തിപ്പിനായി 9 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 9 ഫോറസ്റ്റ് ഡ്രൈവർ, 9 പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ